
Academic Master Plan
SH UPS Ponkunnam
2025-'26

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : എസ്. എച്ച് യു.പി സ്കൂൾ
പൊൻകുന്നം

മേൽവിലാസം : എസ്. എച്ച് യു.പി സ്കൂൾ
പൊൻകുന്നം P.O
കോട്ടയം.

സ്കൂൾ കോഡ് : 32364.

വിദ്യാഭ്യാസജില്ല : കോട്ടയം.

റവന്യൂ ജില്ല : കാഞ്ഞിരപ്പള്ളി

ബി. ആർ. സി : കാഞ്ഞിരപ്പള്ളി.

ഗ്രാമപഞ്ചായത്ത് : ചിറക്കടവ്.

ബ്ലോക്ക് പഞ്ചായത്ത് : വാഴൂർ.

ജില്ലാ പഞ്ചായത്ത് : കോട്ടയം.

താലൂക്ക് : കാഞ്ഞിരപ്പള്ളി

വില്ലേജ് : ചിറക്കടവ്.

ഇ. മെയിൽ വിലാസം : shups pnkm @yahoo.com

ഫെയ്സ്ബുക്ക് ID : Shups Ponkunnam

# എസ്. എച്ച്. യു. പി. സ്കൂൾ പൊൻകുന്നം.

അക്ഷരനഗരി എന്നു പ്രശസ്തിയാർജ്ജിച്ച കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി വിദ്യാഭ്യാസ ഉപജില്ലയിൽ ചിറക്കടവ് ഗ്രാമപഞ്ചായത്തിൽ പൊൻകുന്നം എന്ന നയനമനോഹരഗ്രാമത്തിലാണ് എസ്. എച്ച്. യു. പി. സ്കൂൾ സ്ഥിതിചെയ്യുന്നത്. ഇത് ഒരു എയ്ഡഡ് വിദ്യാലയമാണ്. 1921 ൽ ഈ നാട്ടിലെ വിശ്വാസികളുടെ ആത്മീയ വളർച്ചയുടെ ദീപസ്തംഭമായി നിലകൊള്ളുന്ന തിരുക്കുടുംബദൈവാലയത്തിന്റെ കീഴിൽ ബഹു. ഏണേക്കാട്ടച്ചൻ പൊൻകുന്നം പള്ളി വികാരി ആയിരുന്ന കാലത്ത് ധന്യൻ തോമസ് കുര്യാളശ്ശേരി പിതാവിന്റെ അനുമതിയോടെ ദൈവദാസി കുഞ്ഞമ്മ സ്ഥാപിച്ച ഈ പ്രൈമറി സ്കൂൾ. പ്രീപ്രൈമറി മുതൽ 7-ാം ക്ലാസുവരെ 150 ൽ അധികം കുട്ടികളുമായി മുന്നേറുന്നു. ബഹുമാനപ്പെട്ട ഹെഡ്മാസ്റ്റർ ശ്രീ. ഇമ്മാനുവൽ മാത്യു സാറിന്റെ നേതൃത്വത്തിൽ 12 അധ്യാപകരും ഒരു അധ്യാപകനും ഇവിടെ സേവനം അനുഷ്ഠിക്കുന്നു. സ്കൂൾ മാനേജർ ഫാ. ജോണി ചെരിപുറം കാലത്തിന്റെ മാറ്റത്തിനനുസരിച്ച് ആധുനികതയുടെ പാതയിലേയ്ക്ക് ചുവടുവയ്ക്കുന്നതിന്റെ ഭാഗമായി അത്യാധുനിക സൗകര്യങ്ങളോടുകൂടി പുതിയ സ്കൂൾ കെട്ടിടം കുട്ടികൾക്കായി നൽകി.

സമീപ പ്രദേശങ്ങളിലെ മറ്റേതൊരു വിദ്യാലയത്തെയും പിന്നിലാക്കുന്ന തരത്തിലുള്ള ഭൗതിക സൗകര്യങ്ങളാണ് നമ്മുടെ വിദ്യാലയത്തിൽ ഒരുങ്ങിയിരിക്കുന്നത്. ഹൈടെക് ക്ലാസ്സ്മുറികളും ശിശുസൗഹൃദമായ പഠനമുറികളും വിശാലമായ കളിസ്ഥലവും ഒരുങ്ങിക്കഴിഞ്ഞു.

# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ച് എന്ന് ഉറപ്പുവരുത്തുക.

2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനു-മുള്ള കഴിവ് ഉറപ്പുവരുത്തുക.

3. ഓരോ കുട്ടിയും 'ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.

5. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.

6. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനികവത്കരിക്കും.

7. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തിഗത പി.ടി.എ/കോർണർ പി.ടി.എകൾ എന്നിവ ചേരും.

8. ഒന്നാം ക്ലാസ് മുതൽ 4-ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ എസ്.ആർ.ജിയുടെ നേതൃത്വത്തിൽ ലഭ്യമാക്കും.

9. 'വിദ്യാലയ ഒരു പാഠപുസ്തകം' എന്നാശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.

10. ആശയപ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി 'ആക്ടീവായ' വിദ്യാർത്ഥിസമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

11. ജൈവവൈവിധ്യകലവറയായി വിദ്യാലയത്തെ മാറ്റുക.

12. ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ് മലിനജല നിർമാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.

13. ഹരിതസേന രൂപീകരിക്കൽ.

14. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ.

15. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

# അക്കാദമികം

# നേട്ടങ്ങൾ

- അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.
- ആധുനികരീതിയിൽ നവീകരിച്ച ശിശുസൗഹൃദമായ കെട്ടിട സമുച്ചയം.
- മികച്ച ലൈബ്രറി, ലാബ്, കമ്പ്യൂട്ടർ പഠനസൗകര്യം.
- ഓരോ കുട്ടിയും ഒന്നാമനാണ്. പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു.
- കലാപഠനം, പ്രവൃത്തിപരിചയപഠനം, കായികപഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം
- പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് അക്ഷരമുറ്റം എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ.
- പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്.
- സർഗ്ഗാത്മകവേദികൾ, ആശയപ്രകടന വേദികൾ, ജനാധിപത്യവേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.
- പാഠ്യേതരപ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.
- കാർഷിക പ്രവൃത്തികൾ, ജൈവ വൈവിധ്യങ്ങളറിയൽ എന്നിവ കുട്ടികൾക്ക് പ്രദാനം ചെയ്യുന്നു.

# പരിമിതികൾ.

* മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.
* മികച്ച ലാബ്, ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി ഇടപെടാനുള്ള അവസരമില്ല. സയൻസ് ലാബ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടാനുണ്ട്.
* വായനയ്ക്ക് നല്ല പ്രോത്സാഹനം, വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്.
* മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാനമേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.
* I.T. അധിഷ്ഠിതപഠനം എന്ന നിലയിലേക്ക് ക്ലാസ്സ്റൂം പ്രവർത്തനങ്ങൾ ഉയർത്താനായിട്ടില്ല.
* കുട്ടികളുടെ പഠനപിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.
* IED കുട്ടികളുടെ പഠനപിന്തുണാ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.
* ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർലാബ് ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിനാവശ്യമായ കമ്പ്യൂട്ടറുകളുടെ കുറവ്. K-ഫോൺ കണക്ഷൻ ലഭ്യമായിട്ടില്ല. സ്ഥിരതയുള്ള ഇന്റർനെറ്റ് കവറേജ് ഇല്ലാത്തത് പഠനപ്രവർത്തനങ്ങൾ ICT യുമായി ബന്ധിപ്പിച്ച് നടത്താൻ പ്രയാസം നേരിടുന്നു.

# തനതു പ്രവർത്തനം

2025-26 അധ്യയനവർഷത്തിൽ
തനതു പ്രവർത്തനമായി കുട്ടികളുടെ വായന
പരിപോഷിപ്പിക്കുവാൻ അവരുടെ പ്രായത്തിനും
അഭിരുചിക്കും ഇണങ്ങുന്ന തരത്തിലുള്ള
ഒരു പുസ്തകം വായിക്കുകയും അത് പ്രാർത്ഥന
ക്കുശേഷം മറ്റുള്ളവർക്കായി മൈക്കിൽകൂടെ
പരിചയപ്പെടുത്തുകയും ചെയ്യുന്നു. ഇങ്ങനെ
ഓരോ കുട്ടികളും അവരുടെ ഊഴമനുസരിച്ച്
തയ്യാറായി ഇരിക്കുന്നു. തങ്ങൾ വായിച്ച പുസ്തക-
ത്തിന്റെ കുറിപ്പും കൂടാതെ പരിചയവും
ഓരോ കുട്ടികൾ ഒരു ബുക്കിൽ എഴുതി
സൂക്ഷിക്കണം. ഈ പ്രവർത്തനം ജൂൺ മുതൽ
നടത്തുവാൻ തീരുമാനിച്ചു.
മുതൽ മാർച്ച് വരെ

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.

2. എല്ലാ കുട്ടികൾക്കും അവരവരുടെ ഭാഷകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.

3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.

5 ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

6 ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

7. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.

2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.

3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.

4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.

5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.

6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ ചിത്ര നോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.

7. ക്ലാസ് തല വായനമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവിശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണ വർക്ക്ഷോപ്പുകൾ ആസൂത്രണം ചെയ്യുക.

## പരിസര പഠനം

1. ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്ര ബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.

2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.

3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.

4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.

5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.

6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക.

2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.

3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.

4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ.

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാകുട്ടികൾക്കും ഉറപ്പാക്കുക.

2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.

3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.

4. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക.

5. ഗണിത ചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ, പ്രയോജനപ്രദമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി/പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

# കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. ഓരോ കുട്ടിയും 'ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

# ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യ ശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5. ക്യാമ്പസിനെ മാലിന്യമുക്തമാക്കുക.

ഹരിതാഭമാക്കുക.

## അറബിക്

1. എല്ലാ കുട്ടികളെയും അക്ഷരങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.

2. കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാപഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.

3. വായനയിലൂടെയും, എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക

4. വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാപഠനനേട്ടത്തിലൂടെ ഉറപ്പു വരുത്തുക.

5. ഭാഷാ പഠനത്തിന് ഐ.ടി.യുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

# മലയാളം / പഠനപിന്നോക്കാവസ്ഥ

പ്രവർത്തനം : 1

പേര് : പുസ്തകം എന്റെ ചങ്ങാതി

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക. | * പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണവും പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം (രണ്ട് പുസ്തകം) | ക്ലാസ് ടീച്ചർ<br>B.R.C Teacher | P.T.A |

## പ്രവർത്തനം : 2

പേര് : എന്റെ പിറന്നാൾ പുസ്തകം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * മികച്ച വായനാശീലം വളർത്തുക. | * എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ് ടീച്ചർ | പി.ടി.എ. |

പ്രവർത്തനം : 3

പേര് : അക്ഷരക്കൂട്ടം (വായനാ കോർണർ)

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| * മികച്ച വായനാശീലം വളർത്തുക. | * ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്മുറികളിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | സ്കൂൾ ലൈബ്രറി കമ്മിറ്റി | പി.ടി.എ. |

## പ്രവർത്തനം : 4

## പേര് : സ്കൂൾ ലൈബ്രറി

## ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * മികച്ച വായനാശീലം വളർത്തുക. | * സ്കൂൾ ലൈബ്രറി വിപുലീകരിച്ചു.<br>* ലൈബ്രറി സജ്ജമാക്കൽ<br>* സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ. | * ജൂൺ മുതൽ മാർച്ച് വരെ. | പി.ടി.എ<br>പ്രാദേശിക ക്ലബുകൾ | പി.ടി.എ |

## പ്രവർത്തനം : 5

**പേര്** : ക്ലാസ് തല പതിപ്പുകൾ

**ഉപമേഖല** : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | * വിദ്യാലയവിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ്തല പതിപ്പുകൾ ഒരുക്കൽ. | എല്ലാ മാസവും | ക്ലാസ് ടീച്ചർ | പി.ടി.എ. |

പ്രവർത്തനം : 6

പേര് : ക്ലാസ് തല കൈയെഴുത്ത് മാഗസിന്

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | * ഓരോ മാസത്തിലെ പഠനപ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ് തല കൈയെഴുത്ത് മാഗസിന് ഒരുക്കൽ. | എല്ലാ മാസവും | ക്ലാസ് ടീച്ചർ | പി.ടി.എ |

പ്രവർത്തനം : 7

പേര് : എന്റെ വായനാ കുറിപ്പുകൾ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | * വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ. (ചെറിയ ക്ലാസിൽ വായനാ കാർഡ്) വായനാ കുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | പി.ടി.എ |

## പ്രവർത്തനം : 8

**പേര്** : കൈയെഴുത്തു മാസികകൾ, പ്രിന്റഡ് മാഗസിൻ.

**ഉപമേഖല** : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * കുട്ടികൾക്ക് സർഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ. | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ (ചുമർചിത്രം, കൈയ്യെഴുത്ത് മാഗസിൻ ഇവയിൽ നിന്ന്) | ഓരോ ടേമിലും പ്രിന്റഡ് മാഗസിൻ വർഷത്തിൽ ഒന്ന്. | വിദ്യാരംഗം ഭാഷാക്ലബ്ബ് പരസ്യം വഴി ഫണ്ടിംഗ്. | പി.ടി.എ. |

# ഗണിതം

പ്രവർത്തനം : 1
പേര് : ഗണിത വർക്ക്ഷീറ്റ് ശില്പശാല
ചുമതല : വർക്ക് ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള ശേഷികൾ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളിലും ഉറപ്പാക്കുക. | — എല്ലാ ക്ലാസ്സ് മുറികളിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും ആരംഭത്തിൽ | SSG | 4000/- |

പ്രവർത്തനം : 2

പേര് : ഗണിതലാബ് (ഗണിതമധുരം)

ഉ. മേഖല : ഗണിത ശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രമായി ഇടപെടുവാൻ സഹായകരമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | 2025-26 | സ്കൂൾ മാനേജ്മെന്റ് | 15000/- |

പ്രവർത്തനം : 3

പേര് : ഗണിതമേള

ഉപമേഖല : ഗണിതമേളകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | | | |
|---|---|---|---|---|
| രസകരമായ ഗണിതാ-ശയങ്ങൾ കൂടുതൽ കുട്ടികളിലും എത്തി-ക്കുന്നതിന് | കൂടുതൽ ക്ലാസുകളിലും ഗണിതമേളകൾ സംഘടിപ്പിക്കൽ. (മോഡൽ, കളിരീതി, ചാർട്ടുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ് ടീച്ചർ | 2000/- |

പ്രവർത്തനം : 4

പേര് : യൂണിറ്റ് വിലയിരുത്തൽ

ഉപകരണം : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഓരോ കുട്ടിയിലും നൈപുണികളെ ഉൾക്കൊണ്ടുകൊണ്ട് ധാരണ നൈപുണികൾ നേടിയെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം ക്ലാസ്സ് ടെസ്റ്റുകൾ നടത്തി പരിഹാര ബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്ടീച്ചർ | — |

പ്രവർത്തനം : 5
പേര് : ഗണിതം മധുരം
ഉപമേഖല : ഗണിത മേള

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഉത്തരവാദി | സാമ്പത്തികം |
|---|---|---|---|---|
| രസകരമായ ഗണിതകേളികൾ എല്ലാ കുട്ടികളും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപരിപാടി അനുയോജ്യമായ പസിലുകൾ, ക്വിസുകൾ, ശില്പശാലകൾ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | — |

# ഇംഗ്ലീഷ്

**പ്രവർത്തനം : 1**

**പേര് : ഇംഗ്ലീഷ് അസംബ്ലി**

**ഉപമേഖല : പ്രകടനവേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾ അവസരം നൽകൽ. | * ആഴ്ചയിൽ ഒരു ദിനം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം. | ഇംഗ്ലീഷ് ക്ലബ്ബ് | പി.ടി.എ |

പ്രവർത്തനം : 2

പേര് : ഇംഗ്ലീഷ് ഡയറി (3,4 ക്ലാസുകളിൽ)

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന്. | * ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | * ആഴ്ചയിൽ ഒരു ദിവസം. | ക്ലാസ് ടീച്ചർ. | പി.ടി.എ. |

പ്രവർത്തനം : 3

പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ (3, 4 ക്ലാസുകളിൽ)

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക. | * ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കുന്നു.<br>ജൂൺ - പരിസ്ഥിതി<br>ജൂലൈ - ചന്ദ്രൻ<br>ആഗസ്റ്റ് - സ്വാതന്ത്ര്യദിനം<br>സെപ്തംബർ - ഓണം<br>ഒക്ടോബർ - ഗാന്ധി<br>നവംബർ - കേരളം<br>ഡിസംബർ - ക്രിസ്തുമസ്<br>ജനുവരി - ന്യൂ ഇയർ | * ഓരോ മാസവും | ക്ലാസ് ടീച്ചർ | പി.ടി.എ |

# ഭാഷ.

മേഖല - അക്കാദമികം.
ഉപ മേഖല - ഭാഷ
ക്ലാസ്. 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സുകൾ | |
|---|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷിവികസനം. | 1 ഭാഷാ കളരി കുട്ടികളിലൂ പാട്ടുകളും കഥകളുമായി കുട്ടിക്കൂട്ടങ്ങൾ സംഘടിപ്പിക്കൽ. | സെപ്റ്റംബർ ഒക്ടോബർ | ക്ലാസ് ടീച്ചർ SRG SMC സ്കൂൾ വികസന സമിതി. | SMC | |
| | 2. അമ്മമാരുടെ അമ്മമാർ കുട്ടികഥകൾ അവതരിപ്പിക്കുന്നു. | ജൂലൈ ഡിസംബർ ജനുവരി മാസത്തിലൊ വിക്കൽ | ക്ലാസ് ടീച്ചർ SRG മദർ പി. ടി. എ. | മദർ പി.ടി.എ | |

മേഖല - അക്കാദമികം
ഉപമേഖല - ഭാഷ
ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവ കലനം' |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപങ്ങളിലൂടെ ലേഖന മികവ്. | 1. "എഴുത്തും കുത്തും" ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ. | ഒക്ടോബർ നവംബർ | SRG SMC ക്ലബ്ബുകൾ മദർ പി.ടി.എ സ്റ്റാഫ്. | SMC മദർ പി.ടി.എ |
| | 2. ലഘു പതിപ്പുകൾ തയ്യാറാക്കൽ | ഡിസംബർ | | |
| സർഗാത്മകതയെ തട്ടിയുണർത്താം. | 1. രചനാ ശില്പ ശാല കഥ, കവിത, രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ ജനുവരി | SMC അധ്യാപകർ ക്ലബ്ബുകൾ പ്രമുഖ വ്യക്തികൾ. | SRG SMC. |

മേഖല - അക്കാദമികം.

ഉപമേഖല : ഭാഷ

ക്ലാസ് : III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം | |
|---|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാൻ | 1. കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അധ്യാപകർ SMC | SMC | |
| | 2. പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ | | | |
| | 3. ചിത്ര ഗ്യാലറി | ഡിസംബർ | അധ്യാപകർ SMC | SMC | |
| | 1. പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | ജനുവരി<br>നവംബർ | മദർ പി.ടി.എ ക്ലബ്ബുകൾ | ക്ലബ്ബ് | |
| | 2. വായനക്കളരി | ആഴ്ചയിലൊന്ന് | വായനശാല SMC SRG | SMC SRG | |
| | 3. നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം. | ആഗസ്റ്റ്. | ക്ലബ്ബുകൾ സാഹിത്യക്ലബ്ബ് | വായനശാല | |

മലയാള ഭാഷ (Std IV)
മധുരം മലയാളം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ. | SRG<br>ഇൻസ്ടിട്യൂഷൻ | PTA ഫണ്ട് |
| വായിക്കാം വളരാം. | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം<br>ക്ലാസ് ലൈബ്രറി ഒരുക്കൽ<br>പുസ്തക പരിചയം<br>വായനാക്കുറിപ്പ്<br>ആസ്വാദനക്കുറിപ്പ്<br>പുസ്തക സംവാദം<br>ആനുകാലിക വായന. | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |

| | | | | |
|---|---|---|---|---|
| രുചിച്ചറിയാം. | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള<br>പാചക കുറിപ്പുകൾ പതിപ്പ് നിർമ്മാണം<br>ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ) | | | | |
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ<br>ഡോക്യുമെന്ററി പ്രദർശനം.<br>പുസ്തകപരിചയം<br>ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം<br>പ്രദർശനം | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |

| | | | | |
|---|---|---|---|---|
| എഴുതാം തെളിയാം. | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG Class Teacher | PTA |
| എഴുത്തുകാരുമായി സംവദിക്കൽ. | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |
| കണ്ടറിയാം... കേട്ടറിയാം. | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |

# പരിസരപഠനം

മേഖല - അക്കാദമികം
ഉപമേഖല - പരിസരപഠനം
ക്ലാസ് - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ആഹാര ശീലങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | • ഭക്ഷ്യമേള - പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ ജൂലൈ ആഗസ്റ്റ് | Class Tr SRG SMC | |
| • പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും. | • പുഷ്പോദ്യാനം, ഔഷധ തോട്ടം. ചുറ്റുവട്ടത്താകെ | ഡിസംബർ ജനുവരി | SRG SMC | SMC |

മേഖല : അക്കാദമികം

ഉപമേഖല : പരിസരപഠനം

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ശുചിത്വ ബോധവും വ്യക്തിത്വവും സ്വഭാവവും സൃഷ്ടിക്കുന്നതിന്. | • ശുചിത്വ സർവ്വേ ക്ലാസുകൾ പോസ്റ്റർ രചനാ മത്സര നിർമ്മാണങ്ങൾ | ജൂൺ, ജൂലൈ ആഗസ്റ്റ് | Class Teacher<br>SRG<br>SMC | |
| • പ്രകൃതിയെ അറിയാൻ | • പ്രകൃതി നടത്തം<br>• കാഴ്ചബംഗ്ലാവിലേക്ക്<br>• കാണാക്കാഴ്ചകൾ - ഇ ഉ | സെപ്റ്റംബർ ഒക്ടോബർ നവംബർ ഡിസംബർ | Teachers<br>SRG<br>SMC | SMC |
| • നാടറിയാൻ - നാട്ടറിവുകൾ | • കർഷകരുമായി അഭിമുഖം<br>• കൃഷിയിടത്തിലേക്ക് നമുക്കും കർഷകരാകാം | ജനുവരി | SRG<br>SMC<br>നാട്ടുകാർ | |

മേഖല - അക്കാദമികം
ഉപമേഖല - പരിസരപഠനം
ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ശാസ്ത്രാവബോധം വളർത്തുക | • കണ്ടെത്താം, അറിയാം<br>• ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു<br>• കുറിപ്പു തയ്യാറാക്കൽ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | Class Teacher<br>SRG | |
| • പ്രകൃതി വിഭവ സംരക്ഷണം | • ജൈവ-വൈവിധ്യ പാർക്ക് നടലാം. ജല സ്രോതസ്സുകൾ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ | SRG<br>Class Teacher | SMC<br>PTA |
| • ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | • ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>• പരീക്ഷണം വീട്ടിനകത്തും ശാസ്ത്ര മാസികകൾ | ജൂലൈ<br>ജനുവരി | Class Teacher<br>SRG | |

മേഖല : അക്കാദമികം
ഉപമേഖല : പരിസരപഠനം
ക്ലാസ് – IV
പ്രവർത്തനക്രമം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • നിരീക്ഷണം - അറിവു നിർമ്മാണം | • പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | H M<br>CPTA | PTA |
| **ശാസ്ത്രമേള** | | | | |
| • ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | • ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | H M<br>SRG<br>Class Teacher | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| • ശാസ്ത്ര പഠനത്തിൽ താത്പര്യം ജനിപ്പിക്കൽ.<br>• അന്വേഷണ ത്വര വളർത്തൽ | • വാന നിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക്<br>• ശാസ്ത്ര വേദികൾ പ്രവർത്തനങ്ങൾ ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | H M<br>SRG | PTA<br>SSA |

| | | | | |
|---|---|---|---|---|
| **ഭൂപടമൊരുക്കാം.** | | | | |
| • കേരളം - ഇന്ത്യ - ഭൂപട വായന സൂചിക - പരിചയപ്പെടൽ | • ഭൂപട വായന<br>• ഭൂപട രചന<br>സൂചികാ നിർമ്മാണം<br>ക.ഇ.ഠ ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>Class teacher | PTA |
| **ശാസ്ത്ര വിസ്മയ ചുവർ** | | | | |
| • ശാസ്ത്ര പഠനം രസകരമാക്കൽ | • ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>Class Tr | PTA |
| **ശാസ്ത്രോത്സവം** | | | | |
| • ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | 3 സം. പതിപ്പ്, ചാർട്ട് ആൽബം, പഠനോപകരണ പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>Class teacher | PTA |
| **ശാസ്ത്രമാസിക** | | | | |
| • ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>Class teacher | PTA |

# പരിസരപഠനം

## പ്രവർത്തനം - 1

പേര് : ശാസ്ത്ര പഠനോപകരണ ശില്പശാല

ഉപമേഖല : ലാബ് ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും ആവശ്യമായ പരീക്ഷണ, നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങും വിധം ശില്പശാലകൾ ഷോപ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | Class Teacher | PTA |

## പ്രവർത്തനം - 2

പേര് : എന്റെ പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ

ഉപമേഖല : ശാസ്ത്രാവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പഠന താൽപര്യം വളർത്തുക. ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന് പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ | എല്ലാ മാസത്തിലും | Class Teacher | PTA |

## പ്രവർത്തനം - 3

പേര് : പരീക്ഷണകിറ്റ്

മേഖല : നിർമ്മാണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ശാസ്ത്ര പ്രക്രിയാ ശേഷികളുടെ വളർച്ചയ്ക്കും വിവിധ ശാസ്ത്ര പ്രവർത്തനങ്ങൾ ഒരുക്കുക. | • മുഴുവൻ കുട്ടികൾക്കും (3,4) ക്ലാസ്സ്. ശാസ്ത്ര പരീക്ഷണങ്ങൾക്കും വിവിധ ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണ കിറ്റ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | Class Teacher | PTA |

# ഭാഷ

ക്ലാസ്സ്: 1.

മേഖല: അക്കാദമികം.
ഉപഭാഷ: ഇംഗ്ലീഷ്.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളം കേൾക്കാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം<br>സിനിമാ പ്രദർശനം<br>കഥകൾ പറയുന്ന ICT. | മാസത്തിൽ 1 | SRG<br>Class Tr. | SSA. |

# STD II

മേഖല : അക്കാദമികം.

ഉപമേഖല : ഇംഗ്ലീഷ്.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള അവസരമൊരുക്കൽ | Let's talk.... പ്രതിഭാധനരുമായി സംവദിക്കൽ | മൂന്ന് മാസത്തിൽ ഒന്ന്. | SRG. | SSA. |
| | English ബാലസഭ | മാസത്തിൽ ഒന്ന് | Class Tr. | |
| | ഇംഗ്ലീഷ് അസംബ്ലി. | ആഴ്ചയിൽ ഒന്ന്. | SMC | |

# STD III

മേഖല : അക്കാദമികം.
ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം. | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| വായന - അഭിരുചി വളർത്തും, ഒഴുക്കോടെയും. | വാർത്താവായനാ മത്സരം.<br>വായനാ ക്ലാസുകൾ.<br>ബാലപ്രസിദ്ധീകരണങ്ങളുടെ വായന. | മാസത്തിൽ ഒന്ന്.<br>ജൂൺ - മാർച്ച്. | SRG<br>clas teacher. | SSA. |

# STD-IV

മേഖല : അക്കാദമികം.

ഉപമേഖല : ഇംഗ്ലീഷ്.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ | വർഷം മുഴുവൻ | Class Tr. | |
| ഇംഗ്ലീഷ് ഡയറി. തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി. | നിത്യവും വീട്ടിലും, വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഡയറി കുറിപ്പായി എഴുതുക. | ആഴ്ചയിൽ മൂന്ന് ദിവസം (വർഷം മുഴുവൻ) | Class Tr. | |
| ഇംഗ്ലീഷ് തിയേറ്റർ. സർഗ്ഗാത്മകതാ പരിപോഷണം | പാഠഭാഗങ്ങളെ വ്യവഹാരരൂപങ്ങളിൽ അവതരിപ്പിക്കൽ. [Skit, Drama conversation, Story telling]. | മാസത്തിൽ 1. | Class Tr. | SMC. |
| ഇംഗ്ലീഷ് മാഗസിൻ. സർഗ്ഗാത്മകതാ രചനശേഷി വികസനം. | മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | 3 മാസത്തിലൊരിക്കൽ | H.M. Class Tr. | SMC. |

# വിവര സാങ്കേതിക വിദ്യ

## പ്രവർത്തനം : 1

പേര് : വിവര സാങ്കേതികവിദ്യയിൽ പരിശീലനം

ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക. | * പാഠഭാഗവുമായി ബന്ധപ്പെട്ട I.C.T സാധ്യതകൾ ശേഖരിക്കൽ <br> * പരിചയപ്പെടുത്തൽ <br> സമഗ്ര പ്രവർത്തനത്തിന് പങ്കാളികളാക്കൽ | ഓരോ മാസത്തിലും | SITC | |

മേഖല - അക്കാദമികം

ഉപമേഖല - അറബിക് ക്ലാസ് - I-IV

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തിക |
|---|---|---|---|---|---|
| തെറ്റ് കൂടാതെ വായിക്കാനുള്ള കഴിവ് ഉണ്ടാക്കുന്നു. | അക്ഷര വായന<br>ക്ലാസ് വായന<br>ലൈബ്രറി വായന, ചിത്ര-വായന, മാഗസിൻ വായന<br>വീട്ടുവായന, കഥാ വായന.<br>വായനാവസരങ്ങൾ<br>മോണിറ്ററിംഗ്, വാക്യങ്ങൾ ഉറപ്പിക്കൽ, വ്യാകരണങ്ങൾ<br>ഇ-വായന | I-II<br>I-II<br>III-IV<br>I-IV<br>III-IV<br>II-III-IV<br>I-IV, III-IV<br>I-IV | ജൂൺ - ജൂലൈ<br>ജൂൺ - ഫെബ്രുവരി<br>നവംബർ, ഡിസംബർ<br>ജൂൺ - മാർച്ച്<br>" " | അധ്യാപകർ | അധ്യാപകർ<br>PTA<br>SRG |
| അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന്. | - ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അറബിയിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുന്നു.<br>- ലാംഗ്വേജ് ഗെയിംസ്, റോൾപ്ലേ ക്ലാസ് സംഭാഷണം, കാർട്ടൂൺ, പ്രദർശനം, പദസമ്പത്ത് വർദ്ധിപ്പിക്കൽ ഡ്രാമാറ്റൈസേഷൻ | I-IV<br>I-IV<br>III-IV | ജൂലൈ<br>മാർച്ച്<br>ജൂലൈ-മാർച്ച് | അധ്യാപകർ | അധ്യാപകർ<br>PTA |
| അറബി ഭാഷാ പഠനത്തിന്റെ പരിപോഷണം | - അക്ഷരങ്ങൾ ഉറപ്പിക്കൽ<br>- പദങ്ങൾ ഉറപ്പിക്കൽ<br>- കുട്ടി പഠനത്ത് | III-IV<br>I-II<br>I-II | ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>" " | അധ്യാപകർ | അധ്യാപകർ<br>PTA |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| അറബിഭാഷാ-എഴുത്തിന്റെ പരിപോഷണം | - ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>- അക്ഷരക്കാർഡ് നിർമ്മാണം<br>- കൈയെഴുത്ത് മാസിക<br>- ചുമർ പത്രിക നിർമ്മാണം<br>- ചാർട്ടെഴുത്ത്<br>- ചിത്രകഥ നിർമ്മിക്കൽ | I - II<br>I - II<br>I - II<br>III - IV | ഡിസംബർ<br>സെപ്തംബർ<br>മാർച്ച്<br>ഒക്ടോബർ<br>ഫെബ്രുവരി | അധ്യാപകർ | അധ്യാപകർ<br>PTA |
| | Translation<br>- Malayalam to Arabic<br>- Arabic to Malayalam<br>Arabic to English<br>- English to Arabic | I - IV | ജൂൺ<br>മാർച്ച് | അധ്യാപകർ | അധ്യാപകർ<br>PTA |

# ഗണിതം

# ക്ലാസ് - 1

മേഖല : അക്കാദമികം
ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളികളും നിർമാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | ഗണിത മാഗസിൻ | ജൂൺ-മാർച്ച് | Class Tr. | |
| | ജ്യാമിതീയ രൂപങ്ങളുടെ നിർമാണം | | | |
| | ഏകദിന ക്യാമ്പ് | സെപ്റ്റംബർ | SRG. | SSA. |
| | ഗണിതപ്രവർത്തനങ്ങൾ കളികളിലൂടെ | വർഷം മുഴുവൻ | Class Tr. | |

# STD II

മേഖല : അക്കാദമികം.
ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം കുസൃതി കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടൽ | ആഴ്ചയിൽ ഒന്ന് വീതം. | SRG<br>Class Tr. | SSA. |
| | ഗണിത കളികൾ | മാസത്തിൽ ഒന്ന് വീതം. | SRG. | |

# Class -3

മേഖല : അക്കാദമികം.
ഉപമേഖല : ഗണിതം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം. | രസകരമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രിതമാക്കണം.<br>ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമിക്കൽ, പ്രദർശിപ്പിക്കൽ. | ഒക്ടോബർ | SRG.<br>PTA | SSA. |
| ഗണിതം ലളിതമാക്കാം. കളികളിലൂടെ. | മെട്രിക് മേള. | ജനുവരി. | SRG.<br>Class Tr. | Staff<br>SMC. |

# Class - 4

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠനം രസകരമാക്കൽ ചതുഷ്ക്രിയകൾ ലളിതമാക്കൽ | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പാക്കൽ, കുഞ്ഞിനങ്ങൾ എണ്ണിക്കും, പാട്ടും (ഡൈസ് കളി) സങ്കലനം, വ്യവകലനം (കച്ചവടം) | വർഷം മുഴുവൻ | SRG. Class Tr. | PTA. |
| ഒറിഗാമി. ഗണിതശാസ്ത്ര പഠനം രസകരമാക്കൽ - കരചലന ശേഷി വികസനം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം | വർഷത്തിലൊരിക്കൽ | | |
| ഗണിതലാബ്. ഗണിതപഠനപ്രവർത്തനം സുതാര്യമാക്കൽ. | ഗണിതലാബ് ഒരുക്കൽ. പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM, SRG. Class Tr. | PTA |
| ഗണിതച്ചുമർ ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതച്ചുമർ ഒരുക്കൽ | വർഷം മുഴുവൻ | Class Tr. | SSA. |

| | | | | |
|---|---|---|---|---|
| ഗണിത പഠനോപകരണ ശില്പശാല. പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണ നിർമാണം. പ്രദർശനം | ആവശ്യാനുസരണം | SSA. Class Tr. | SSA |
| ഗണിതമേള ഗണിത ശേഷികളുടെ പ്രകടനം. | പ്രശ്നോത്തരി. പസിൽ പാറ്റേൺ, പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിൽ ഒന്ന്. | SRG. Class Tr. | PTA. |

# അറബിക്

പ്രവർത്തനം: 1

പേര് : ലോകഭാഷ – അറബി ഭാഷ

ഉപമേഖല: അടിസ്ഥാന ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബിഭാഷയിൻ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക. | • പ്രൈമറി ക്ലാസ് മുതൽ ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക<br>• മുന്നറിവ് പരിശോധിക്കുക<br>• അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• വാചകങ്ങൾ നിർമ്മിക്കൽ<br>• ഭാഷാ കളികൾ | രണ്ടു മാസം | അറബി ടീച്ചർ | PTA |

പ്രവർത്തനം: 2

പേര് : അറബി വായനോത്സവം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാപഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക | • വായനാ മത്സരം, ക്ലാസ് ലൈബ്രറി<br>• സ്കൂൾ ലൈബ്രറി<br>• വായനാ കുറിപ്പുകൾ<br>• അറബിക് പത്രവായന/റേഡിയോ | ജൂൺ- മാർച്ച് | അറബിക് ടീച്ചർ | PTA |

| പ്രവർത്തനം: 3 | പേര്: അറബി രചനോത്സവം<br>ഉപമേഖല:- ലേഖനം | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് | • പതിപ്പുകളുടെ നിർമ്മാണം<br>• വായനാകുറിപ്പ് ശേഖരണം<br>• ചുമർപത്രങ്ങൾ പോസ്റ്ററുകൾ<br>• ഭാഷാകളികൾ | ജൂൺ-മാർച്ച് | Arabic Teacher | 2000<br>P.T.A |

| | | | | |
|---|---|---|---|---|
| കലക്കെട്ട് | | | | |
| പഠനവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കൊണ്ടുവരണം, കല മുറിയിൽ ബന്ധപ്പെട്ട ഉപകരണങ്ങൾ. ചിത്രങ്ങൾ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |
| സർഗോത്സവം. | | | H.M<br>SRG<br>CPTA<br>Class Teacher | PTA |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ. | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher. | PTA. |

യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി വിഭവ |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു | Lend Your Ear- ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow Me If You Can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | **Breaking News**<br>ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Missing Man**<br>അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | Treasure Hunt<br>വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന ടീമുകളാക്കുന്നു. ഓരോ ടീമുകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകർ | |
| | Meet the Foreigner<br>തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | One Man Show<br>അവസരം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2, ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | I Too Can!!<br>വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ശേഖരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു (ലഘുവായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Leaning Ladder<br>പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | വാക്യങ്ങൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്യങ്ങളും ശരിയായി കണ്ടെത്തുന്നവർക്ക് പടിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | | | |
| | F.M. Corner<br>വസ്തുനിഷ്ഠമായ കഥകൾ<br>Reader's Theatre<br>റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | അവസരം നൽകുന്നു<br>Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ തെരഞ്ഞെടുക്കുന്നു | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |
| 5, തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets - കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ | |
| | Alert Zone<br>സൂചനാ ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | അന്ന ദിവസത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | | | |
| | Run Baby Run<br>ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്യങ്ങൾ ഒരു പ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | Fun time Funda<br>കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| 4, ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | The Grand Camp ഇംഗ്ലീഷിൻ്റെ പ്രവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു 5,6,7 ക്ലാസിലെ കുട്ടികൾക്ക് മികവുയർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരമൊരുക്കുന്നു അഞ്ചാം ക്ലാസിനായി കഥ പറയൽ, കഥയെഴുത്ത് ആറിന് Roleplay നാടകം എന്നിവ പ്രദർശനത്തിനായി ഏഴാം ക്ലാസിന് കവിതയുടെ പ്രകാശനം തുടങ്ങിയവ. ക്യാമ്പിന് ഒടുവിൽ ഡോക്യുമെൻ്ററി /ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ രക്ഷിതാക്കൾ. | |

# മേഖല - യു പി മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ സംവേദനം നടത്താനും പദസമ്പത്ത് വർദ്ധനവും പഠിതാക്കളെ പ്രാപ്തരാക്കുക. | വാർത്താവായന<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. | പ്രതിമാസം | മലയാളം ക്ലബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ തല- ത്തിലെ പ്രശ്നങ്ങൾ എന്നിവ- യെ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുന്നു. | എല്ലാമാസവും | ക്ലബ് | മലയാളം ക്ലബ് |
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക. | | | | |
| സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | സം.വാ.ദം./ മുഖാമുഖം<br>സാഹിത്യകാരൻമാർ, എഴുത്തുകാർ കലാകാരൻമാർ എന്നിവരുമായുള്ള അഭിമുഖം സന്ദർശനവും സംവാദ- ങ്ങളും സംഘടിപ്പിക്കുന്നു | വർഷത്തിൽ രണ്ടുപ്രാവശ്യം | | |

| | | | | |
|---|---|---|---|---|
| പഠിതാക്കളുടെ കലാ വാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക് വർഷം | പി.ടി.എ സ്കൂൾ | പി.ടി.എ |
| മലയാളം കമ്പ്യൂട്ടിങ് പരിജ്ഞാനം നേടി എടുക്കുന്ന സർഗാത്മകശേഷി വളർത്തൽ | ഇ - കമ്പ്യൂട്ടറിങ്. മുതിർന്നവർ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിങ് പരിശീലിപ്പിക്കാൻ ഇ.മാഗസിൻ ശേഖരിക്കുക ശേഖരിച്ചു പ്രസിദ്ധപ്പെടുത്താൻ ശ്രമിക്കുക | അടുത്ത വർഷം | മലയാളം ഐ.ടി അധ്യാപകർ | മലയാളം ക്ലബ്. |

| | | | | |
|---|---|---|---|---|
| പ്രത്യേക പരിഗണന അർഹിക്കുന്ന (ഭിന്നശേഷി) കുട്ടികൾക്കായുള്ള പ്രവർത്തനങ്ങൾ. | പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായി അക്ഷര കാർഡുകൾ ഉപയോഗിച്ചും പാട്ടിലൂടെയും കഥകളിലൂടെയും ആശയം പകർന്നു ഉറപ്പിക്കുന്നു. ചിത്രങ്ങൾ, പെയിന്റിംഗ് പഠനോപകരണ നിർമ്മാണം എന്നിവ നടത്തുന്നു. ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ മാർച്ച് | ക്ലാസ് റൂം | അധ്യാപിക. |

# യു.പി - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. 5,6,7 ക്ലാസ്സ് അക്ഷരബോധം ഇല്ലാത്തവർ:- ഹിന്ദി അക്ഷരമാല ഗുണിതാക്ഷരങ്ങൾ തിരിച്ചറിയാൻ ഹിന്ദി ഉച്ചരിക്കാനും അക്ഷരങ്ങളെ ചിട്ടപ്പെടുത്താനും വേണ്ട ഒരുക്കുക പഠിപ്പിക്കുക. | പുതിയ പദങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ ഓരോന്നായി എഴുതി പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര ഗാന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഓഗസ്റ്റ് വരെ | ഹിന്ദി അധ്യാപകർ | — |

| | | | | | |
|---|---|---|---|---|---|
| 2. | ഹിന്ദി വായന:- തെറ്റു കൂടാതെ ഹിന്ദി വായിക്കുന്ന ഒരു പരിശ്രമം നടത്തുന്നു. | നിരന്തരം പുസ്തകം വായിച്ച് കേൾ. ഹിന്ദി വായനയിലേക്ക് അടുപ്പിക്കുന്നു. ഒരു ഹിന്ദി പത്രങ്ങൾ അതിന്റെ സി.ഡി നമ്മുടെ ഹിന്ദിയിൽ വാക്യങ്ങളെ കാണിക്കും. പഠിച്ചതും പാഠഭാഗങ്ങൾ വീട്ടിൽ ചെന്ന് വായിച്ച് പേരന്റ്സ്-ന്റെ ഒപ്പം കൂടി വരാൻ നിർദ്ദേശിക്കുന്നു. | സെപ്റ്റംബർ മുതൽ ഡിസംബർ വരെ | ഹിന്ദി ടീച്ചർ | — |

| | | | | | |
|---|---|---|---|---|---|
| 3. | ഹിന്ദി സാഹിത്യം: ഹിന്ദിയിൽ സാഹിത്യങ്ങളുടെ കഴിവു- കളെ [illegible] നിത്യജീവിതത്തിൽ അവരും വരുന്നത് ഹിന്ദിയിൽ സാഹിത്യങ്ങളുടെ പഠി പരിചയപ്പെടുത്തും. | ഹിന്ദി ഭാഷ കേരളവും ഇന്ത്യയിൽ ഉപയോഗിക്കും അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾക്ക് ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ ഭാഷ സംസാരിക്കുന്ന വരാക്കുട്ടികൾ കൊണ്ടു വരും.<br><br>വിദ്യാലയത്തിൽ......<br><br>ഹിന്ദി ദിനാചരണം [illegible] പഠിക്കും. കുട്ടികൾ ശബ്ദങ്ങളുടെ അർത്ഥ് [illegible] പഠിക്കും. Readgery fight [illegible] അവതരിപ്പിക്കും പാസ്സിലാക്കാൻ കൂട്ടുകാർ പരി പഠിക്കണം. ഒരു കുട്ടിക്ക് സമ്മാനം നൽകുന്നു. | ജനുവരി മുതൽ മാർച്ച് വരെ | ഹിന്ദി അദ്ധ്യാ- പകർ. | — |

മേഖല - അക്കാദമികം UP ഉപമേഖല : സംസ്കൃതം

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം. |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക. | ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>പതിപ്പുകൾ, മാഗസിനുകൾ<br>രചനാ ശില്പശാലകൾ<br>സംസ്കൃത ദിനാചരണം /<br>അസംബ്ലി<br>ഒഴിവു സമയങ്ങളിൽ പ്രത്യേക ക്ലാസ്<br>വായനക്കൂല പദപ്പയറ്റ്<br>ചോദ്യോത്തരപ്പയറ്റ്, നിഘണ്ടു നിർമ്മാണം മാഗസിൻ നിർമ്മാണം. | ജൂൺ.<br>സെപ്റ്റം. | പുസ്തകങ്ങൾ<br>വീഡിയോകൾ<br>ചിത്രങ്ങൾ<br>ICT<br>അക്ഷരചാർട്ട് | PTA<br>റിസോഴ്സ് അധ്യാപിക. |

| | | | | |
|---|---|---|---|---|
| ആശയങ്ങൾ തെറ്റുകൂടാതെ<br>പ്രകടിപ്പിക്കാനും സർഗാത്മ-<br>കരചനകൾ വികസിപ്പിക്കാ<br>നുമുള്ള അവസരം നൽകു<br>ക.<br>കാണുന്നതും കേൾക്കുന്നതും<br>ഉപയോഗിക്കുന്നതുമായ<br>വസ്തുക്കളുടെ പേര്<br>സംസ്കൃതത്തിൽ പഠിക്കുക.<br>എല്ലാ കുട്ടികളും അർത്ഥ-<br>പൂർണമായി വായിക്കുന്നുവെന്ന്<br>ഉറപ്പു വരുത്തുക.<br>(വായനാലോകം) കുട്ടിയെ<br>വായനയുടെ ലോകത്തേക്ക്<br>കൊണ്ടുവരൽ.<br>സാഹിത്യാഭിരുചി വളർത്തു-<br>ന്ന പ്രവർത്തനങ്ങൾ. | ദിനാചരണങ്ങൾ, പോസ്റ്റർ<br>നിർമ്മാണം കഥ - ഉപന്യാസ<br>രചിക്കൽ & അവതരണം etc.<br>വിവിധ സാഹിത്യശാഖകളെ<br>പരിചയപ്പെടുത്തൽ കഥ<br>കവിത, ചിത്രകഥകൾ<br>ലഘു സംഭാഷണങ്ങൾ<br>സംസ്കൃത പദങ്ങൾ സുഭാ-<br>ഷിതങ്ങൾ ജീവചരിത്ര<br>കുറിപ്പുകൾ എന്നിവ<br>രചിച്ച് ശേഖരിച്ച് പതിപ്പു<br>കൾ തയ്യാറാക്കൽ etc...<br>വിവിധ കലാരൂപങ്ങളുടെ<br>demonstration | ഒക്ടോബർ<br>മാർച്ച് | സംസ്കൃത<br>കഥാപുസ്തകം<br>ICT<br>സംസ്കൃത<br>നിഘണ്ടു<br>ക്ലാസ് ലൈബ്രറി | റിസോഴ്സ്<br>അധ്യാപിക |

| | | | | |
|---|---|---|---|---|
| പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ | പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് ഉപകര പ്രദമായ പഠനോപകരണ ങ്ങൾ നിർമ്മിക്കുന്നു. പ്രത്യേകം ക്ലാസുകൾ നൽകുന്നു അവരെക്കൂടി പരിഗണിച്ചുള്ള ക്ലാസ്റൂം പ്രവർത്തനങ്ങൾ ഉറപ്പും നടത്തുന്നും. ഗൃഹസന്ദർശനം നടത്തുന്നു. അവർക്ക് ആകർഷിക്കാവുന്ന രീതിയിൽ ക്ലാസ്റൂം സജ്ജീകരി-ക്കുന്നു. | ജൂൺ – മാർച്ച് | ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക |

| | | | | |
|---|---|---|---|---|
| കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സാംസ്കൃത ഭാഷാ പഠനനേട്ടങ്ങൾ | ക്ലബ്ബ് രൂപീകരണം<br>പഠനോപകരണ നിർമ്മാണം<br>കലണ്ടർ നിർമ്മാണം<br>ഗൃഹ സന്ദർശനം<br>പഠന യാത്ര | ജൂൺ - മാർച്ച് | ചാർട്ട് ചിത്രം | റിസോഴ്സ് അധ്യാപിക. |
| മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ | ആനുകാലികങ്ങൾ വായിക്കാൻ നല്കുന്നു.<br>ക്വിസ് നടത്തുന്നു.<br>മാതൃക ചോദ്യപേപ്പർ തയ്യാറാക്കുന്നു. | ജൂൺ മാർച്ച് | ക്ലാസ് റൂം | |
| ആസ്വാദന ലോകം<br>ഓരോ കുട്ടിയേയും ആസ്വാദന ശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പനിവാരണത്തിനും | നാടകം, കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണിക്കുന്നു.<br>കുട്ടികൾക്ക് വിവിധ അവസരങ്ങൾ നൽകുന്നു | | സംസ്കൃത ക്ലാസ്റൂം. | |

## യു.പി സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശാസ്ത്രാഭിരുചി യും പരീക്ഷണങ്ങളി ലും വളർത്തുക. | ശാസ്ത്ര കിറ്റ് തയ്യാറാക്കൽ<br>യൂണിറ്റിലെ പ്രവർത്തനങ്ങളും പരീക്ഷണങ്ങളും ചെയ്യുന്നതി- നാവശ്യമായ വസ്തുക്കളും ഉപകരണങ്ങളും കണ്ടെത്തി ശാസ്ത്ര കിറ്റ് തയ്യാറാക്കുന്നു. കുട്ടികൾ ഗ്രൂപ്പ് തിരിഞ്ഞ് ശാസ്ത്രകിറ്റ് ഉപയോഗിച്ച് പരീക്ഷണങ്ങൾ ചെയ്യുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപ കർ, ശാസ്ത്ര ക്ലബ്ബ്. | പി.ടി.എ |
| 2) ജീവിത സാഹ- ചര്യത്തിൽ നിന്ന് -പാഠത്തിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | ജൈവ വൈവിധ്യ പാർക്ക്<br>ഔഷധങ്ങളോടും, പച്ചക്കറി കളോടും, പൂക്കളോടും എന്നിവ ഉൾപ്പെടുത്തി കൊണ്ടുള്ള ജൈവവൈവിധ്യ | അക്കാദമിക വർഷം. | ശാസ്ത്രക്ലബ്ബ് പരിസ്ഥിതി ക്ലബ്ബ് ശാസ്ത്രാധ്യാപ -കർ | പി.ടി.എ |

| | | | | |
|---|---|---|---|---|
| | പാർക്ക് നിർമ്മാണം.<br><br>__കണ്ടറിയാനൊരു യാത്ര__<br>വംശനാശഭീഷണി നേരിടുന്ന സസ്യങ്ങൾ, ജന്തുക്കൾ എന്നിവയെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം കാവുകൾ സന്ദർശനം, പുഴയെ അറിയാൻ സന്ദർശനം എന്നിവ നടത്തുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ ശാസ്ത്ര ക്ലബ്ബ്. | രക്ഷിതാക്കൾ |
| 3) നൂതന ആശയങ്ങൾ സമൂഹവുമായി പങ്കുവയ്ക്കുന്നു. | __ശാസ്ത്രസംബന്ധിയായ പതിപ്പുകൾ__<br>ചിത്രങ്ങൾ, മാഗസിനുകൾ, മാതൃകകൾ എന്നിവ പ്രദർശിപ്പിച്ച് എക്സിബിഷൻ | അക്കാദമിക വർഷം | ശാസ്ത്രക്ലബ്ബ് ശാസ്ത്രാധ്യാപകർ | പി.ടി.എ |
| 4) ശാസ്ത്രപഠനത്തിന്റെ | __ശാസ്ത്രച്ചുമർ നിർമ്മാണം__<br>ശാസ്ത്രവുമായി ബന്ധപ്പെട്ട | | | |

| | | | | |
|---|---|---|---|---|
| പ്രായോഗിക പാഠങ്ങൾ സ്വായത്തമാക്കുക. | ചിത്രങ്ങൾ, കണ്ടെത്തലുകൾ വാർത്തകൾ തുടങ്ങിയവ ഉപയോഗിച്ച് ചുമർ പത്രികകൾ തയ്യാറാക്കുന്നു. | അക്കാദമിക വർഷം. | ശാസ്ത്രക്ലബ്ബ്, ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ്. |
| 5) കുട്ടികളുടെ നിരീക്ഷണ പാടവം വർധിപ്പിച്ച് ശാസ്ത്രാഭിരുചി വളർത്തുക. | ഒരു നൂറ് പരീക്ഷണങ്ങൾ<br>യു.പി ക്ലാസുകളിലെ ശാസ്ത്രാശയങ്ങളെ അടിസ്ഥാനമാക്കി ചെലവ് കുറഞ്ഞ വസ്തുക്കൾ ഉപയോഗിച്ച് ഒരു വർഷം കൊണ്ട് പരീക്ഷണങ്ങൾ നടത്തുന്നു; പ്രദർശനം നടത്തുന്നു. | അക്കാദമിക വർഷം | ശാസ്ത്രക്ലബ്ബ്, ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് പി.ടി.എ |
| 6) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങ[illegible] | മാസ്റ്റർ മൈൻഡ്<br>ഇംഗ്ലീഷ് ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഇംഗ്ലീഷ് ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | സയൻസ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| കൈകാര്യം ചെയ്യാനുള്ള കഴിവ് വർധിപ്പിക്കൽ. | ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | സയൻസ് ക്ലബ്ബ്. |
| 7) ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിന് പ്രയോജനപ്പെടുത്തുക | അറിവുയാത്ര<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

| | | | | |
|---|---|---|---|---|
| 8) ശാസ്ത്രാഭിരുചിയും പുലർത്തുന്ന മികച്ച കുട്ടികൾക്ക് അധിക പരിശീലനം | ടാലന്റ് ഹണ്ട്<br>സയൻസിലെ മികച്ച കുട്ടികളെ കണ്ടെത്തി അധിക പരിശീലനത്തിലൂടെ നിലവാരമുയർത്തുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

ഭാരത കൃഷി സാമ്രാജ്യത്വം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രതികരണം | സാമഗ്രികൾ | മൂല്യനിർണയം |
|---|---|---|---|---|
| സാമ്രാജ്യത്വത്തിന്റെ അടിസ്ഥാന ആശയങ്ങൾ തിരിച്ചറിയുന്ന ആശയങ്ങൾ ഉൾക്കൊള്ളിക്കാൻ കണ്ടെത്താൻ<br><br>പഠിതാക്കളെ ചരിത്രബോധമുള്ളവരാക്കി മാറ്റിയെടുക്കുക.<br><br>ജനാധിപത്യപരമായ ജീവിത ശൈലി രൂപപ്പെടുത്തുക. | അധ്യാപകൻ ക്ലാസിൽ നിന്ന് ചോദ്യങ്ങൾ ലോകത്ത്: സാമ്രാജ്യത്വവൽക്കരണം പഠിതാവിന്റെ അറിവ് പരിശോധിക്കുന്നതിന് ചോദ്യങ്ങൾ ചോദിച്ച് പഠിതാവിനും നൽകുന്നു.<br><br>ഓർമ്മച്ചെപ്പ്<br>ഭാരതത്തിലെ ഉൾക്കൊള്ളുന്ന നദികൾ, സംസ്കൃതി, സാമ്രാജ്യങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ അടിസ്ഥാനമാക്കി ICT സാധ്യതകൾ ഉപയോഗിച്ച് Memory test നടത്തുന്നു.<br><br>Virtual Trip<br>ICT സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള | അധ്യാപിക ഉത്തരം കുട്ടികൾ<br><br><br><br>കുട്ടികൾ | സാമ്രാജ്യത്വം അധ്യായങ്ങൾ. | |

| | | | | |
|---|---|---|---|---|
| പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പ്രാപ്തരും ബോധവാന്മാരാക്കുന്നു. | സംഭവങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു.<br>വിദ്യാലയത്തിൽ നിന്ന് അരങ്ങേറ്റത്ത് ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു.<br>പ്രകൃതി താണ്ഡവം: നേർക്കാഴ്ച<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും, അഗ്നിശമനസേനാ ഉദ്യോഗസ്ഥരുടെ സഹായത്തോടെ ക്ലാസുകൾ Demonstration സംഘടിപ്പിക്കുകയും. രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് | അക്കാദമിക വർഷാരംഭം. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| സഹജീവികളോട് സഹഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു.<br><br>വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും കോവിഡിനെ പ്രതിരോധങ്ങളെക്കുറിച്ചും ഗോഡ് സ്വരമെ | പഠിതാക്കളെ ബോധവന്മാരാക്കുകയും ചെയ്യുന്നു.<br>നൻമയുടെ നുറുങ്ങുവെട്ടം.<br>പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇത്തരത്തിലുള്ള വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ |

| | | | | |
|---|---|---|---|---|
| വിദ്യാർത്ഥികളെ ബോധവന്മാരാക്കുന്നു.<br><br>സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു.<br><br>സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | ചിലന്തിവലയിൽ നിന്ന് കുതിപ്പുയരം സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു.<br><br>കാടെവിടെ മക്കളെ? (പ്രോജക്ട്)<br><br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു.. | അക്കാദമിക വർഷം. | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |

# യു.പി - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിത ക്രിയകൾ ഏവർക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശില്പശാല : കളികളിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, പ്ലേയിങ് കാർഡ്..... ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകർ | — |
| 2. രസകരമായ ഗണിത ശാസ്ത്ര പഠനവും അപഗ്രഥനശേഷികളുടെ വികാസവും | ഒറിഗാമി ശില്പശാല ; ക്രാഫ്റ്റ്സ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനങ്ങൾ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. (പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | — |

| | | | | | |
|---|---|---|---|---|---|
| 3. | ഗണിത പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലബ്ബ് നടത്തൽ. | ആവശ്യാനുസരണം | ഗണിതാധ്യാപകരും ക്ലബ്ബ് അംഗങ്ങളും | — |
| 4. | ഗണിത രൂപങ്ങൾ | ഗണിത പാർക്ക് : ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിതക്ലബ്ബ് | ഗണിതക്ലബ്ബ്, P.T.A |
| 5. | ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിത ഗ്രാമം : ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ പിന്തുണ നൽകുന്ന രീതിയിൽ | വർഷത്തിൽ 5-6 തവണ | ഗണിതാധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |

| | | | | | |
|---|---|---|---|---|---|
| | | ക്ലബ്ബുകൾക്ക് രൂപം കൊടുക്കുന്നു. | | | |
| 6. | ആധുനിക സാങ്കേതിക വിദ്യകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ ടി സാധ്യതകളിലൂടെ : ജ്യാമിതീയ രൂപങ്ങൾ, പാറ്റേണുകൾ, മറ്റു പ്രവർത്തനങ്ങൾ ഐ ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികൾക്ക് ഗണിതത്തിന്റെ പുതിയ മാനങ്ങൾ അറിയുന്നു. | ഒക്ടോബറിൽ ആദ്യ പകുതി | ഗണിതാധ്യാപകർ | — |
| 7. | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിലെത്തിക്കുന്നു. | ഗണിത ക്ലിനിക് : ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുന്നിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് ഉപായങ്ങൾ കണ്ടെത്തി പ്രവർത്തിക്കുന്നു. | ആഗസ്റ്റിൽ ആദ്യ പകുതി | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | — |

| | | | | | |
|---|---|---|---|---|---|
| 8 | വിവിധ മേഖലകളുടെ വികസനം | ദിനാചരണം: ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർ-ത്തനങ്ങൾ SRG യിൽ രൂപ-പ്പെടുത്തുന്നു. നിശ്ചിത ദിവസ-ങ്ങളിൽ അവ നടപ്പിലാക്കുന്നു. | ആവശ്യാനു-സരണം | SRG | — |